CS (MAIN) EXAM, 2010

No. 027

D-DTN-K-NMA

# MALAYALAM
## Paper I
## (Literature)

*Time Allowed : Three Hours* | *Maximum Marks : 300*

***INSTRUCTIONS***

***Candidates should attempt questions 1 and 5 which are compulsory, and any THREE of the remaining questions selecting at least ONE question from each Section.***

***The number of marks carried by each question is indicated at the end of the question.***

***Answers must be written in Malayalam.***

## SECTION A

1. താഴെകൊടുത്തിട്ടുള്ള (a), (b), (c), (d) വിഭാഗങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും ഇരുനൂറുവാക്കിൽ കവിയരുത്. ഓരോന്നിനും ഇരുപതു മാർക്കു് വീതം : *20×3=60*

   (a) മലയാളത്തിനു് ഔത്പത്തികമായി തമിഴിനോട് ബന്ധം കല്പിക്കാനാവില്ലെന്നും, അതു് മൂലദ്രാവിഡത്തിൽനിന്നു് നേരിട്ടു

പിരിഞ്ഞുവന്നതാണെന്നും ചില പണ്ഡിതന്മാർ വാദിച്ചിട്ടുണ്ട്. അവരുടെ വാദങ്ങളുടെ സ്വീകാര്യത പരിശോധിക്കുക.

(b) മണി പ്രവാളത്തില 'ഭാഷ' അപാമര ജനവർത്തിയായിരിക്കണം എന്ന നിഷ്കർഷത്തിന്റെ പ്രസക്തി എന്തു് ?

(c) ഭാഷാ സാംസ്കാരിക രംഗങ്ങളിൽ നിരണം കവികൾ തുടങ്ങിവച്ച പരിഷ്കരണം പൂർണ്ണതയിൽ എത്തുന്നതു് എഴുത്തച്ഛനിലാണു് — ചർച്ച ചെയ്യുക.

(d) 'കുറച്ചു പറഞ്ഞു കൂടുതൽ ധ്വനിപ്പിക്കുകയല്ല; കൂടുതൽ പറഞ്ഞു കുറച്ചു ധ്വനിപ്പിക്കുകയാണു് ചെറുശ്ശേരിയുടെ ശൈലി' — ഈ നിരീക്ഷണം പൂർണ്ണമായും ശരിയാണോ ?

2. അഞ്ചുനാടുകൾ ഉൾപ്പെടുന്ന കേരളത്തിലെ കൊടുന്തമിഴാണു് മലയാളമായിപ്പരിണമിച്ചതു് എന്ന വാദത്തിനു് അവലംബമായി ഏ.ആർ. രാജരാജവർമ്മ അവതരിപ്പിച്ച ബാഹ്യവും ആഭ്യന്തരവുമായ തെളിവുകൾ എന്തെല്ലാം ? ഈതെളിവുകൾ ക്കെതിരേ പില്ക്കാല ഭാഷാ ഗവേഷകർ ഉന്നയിച്ച യുക്തികളേവ ? ഇരുപക്ഷത്തെയും വാദമുഖങ്ങൾ വിമർശന ദൃഷ്ട്യാ പരിശോധിക്കുക. *60*

3. മധ്യകാല മലയാള ഗദ്യകൃതികളുടെ ഭാഷാ പരമായ സവിശേഷതകൾ വിവരിച്ചു് ഈ ഭാഷ ഭാഷാ കൗടിലീയ ഭാഷയിൽ നിന്നും വ്യതിരിക്തമായിരിക്കുന്നതു് എപ്രകാരമെന്നു ചൂണ്ടിക്കാണിക്കുക. *60*

4. മലയാളം ഇപ്പോഴും പൂർണ്ണമായി ഒരു ഭരണ ഭാഷയായി മാറിയിട്ടുണ്ടോ ? ഈ മേഖലയിലെ പുരോഗതി വിലയിരുത്തി ഉചിതമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കഴിയുമോ ? *60*

## SECTION B

5. താഴെകൊടുത്തിട്ടുള്ള (a), (b), (c), (d) വിഭാഗങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഒരോ ഉത്തരവും ഇരുന്നൂറുവാക്കിൽ കവിയരുത്. ഓരോന്നിനും ഇരുപതു മാർക്കു വീതം : *20×3=60*

(a) വെൺ മണിയുടെ ഘട്ടത്തിൽ ഉത്തമ പുരുഷൻ കാവ്യ വിഷയമായിരുന്നെങ്കിലും വ്യക്തിയുടെ സുവേതരാനുഭൂതികൾ അന്തസ്സുറ്റ കാവ്യ വിഷയമല്ലെന്ന സങ്കല്പം നിലവിലുണ്ടായിരുന്നു. ഇതിൽ നിന്നൊരു വ്യതിയാനമാണ് ഖണ്ഡകാവ്യങ്ങൾ — ഉപവാദിക്കുക.

(b) ചെറുകഥയുടെ ആഖ്യാന തന്ത്രത്തിലും ആവിഷ്കാര രീതിയിലും മലയാളത്തിൽ ധീരമായ പരീക്ഷണങ്ങൾ നടന്നിട്ടുണ്ട് — ആധുനിക കഥയുടെ വെളിച്ചത്തിൽ പരിചിന്തിക്കുക.

(c) ആധുനികാനന്തരകാലഘട്ടത്തിൽ മലയാള നോവലിന്റെ ആധാരശ്രുതിയിൽ സംഭവിച്ചിരിക്കുന്നമാറ്റം ആധുനികതയുടെ അടിസ്ഥാനഭാവങ്ങളിൽനിന്ന് ഏറെ ഭിന്നവും മൗലികവുമാണ് — ശരിയോ ?

(d) നാടക വേദിയും നാടകസാഹിത്യവും തമ്മിലുള്ള പരസ്പര ഗുരകത്വത്തിന്റെ അഭാവം മലയാളത്തിലെ നാടക സാഹിത്യത്തിന്റെ വികാസപരിണാമങ്ങളെ സ്വാധീനിച്ചിട്ടുണ്ടോ ?

6. ഉത്തരാധുനിക പരിസരത്തിലെ കവികളുടെ പുതുരചനകൾ അന്തർഭാവ പരവും ശില്പപരവുമായ ബഹു സ്വരത എങ്ങനെ പ്രകടിപ്പിക്കുന്നു എന്ന് അന്വേഷിക്കുക. *60*

7. സാഹിത്യ വിമർശനത്തിന് ശരിയായ ഒരടിത്തറ പണിയുന്നതിൻ മലയാളത്തിലെ പഴയപത്രമാസികകൾ ഏത്രത്തോളം സഹായിച്ചിട്ടുണ്ട് ? *60*

8. വിശാലമായ അർത്ഥത്തിലുള്ള ദേശീയ ബോധം ആശാനിലും ഉള്ളൂരിലും വള്ളത്തോളിലും വ്യത്യസ്ത സ്വഭാവങ്ങളോടു കുടിയാണ് ഉൾച്ചേർന്നിരിക്കുന്നത്. മുവരുടെയും ആശയലോകങ്ങൾ തുലനം ചെയ്ത് നിരൂപിക്കുക. *60*